# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 10/11/ 2020

# വീട്ടിൽ നിന്നും മാലയും വളയും മോഷ്ടിച്ച പ്രതി അറസ്റ്റിൽ



സലിയത്ത് (47)

കൊല്ലം : കൊട്ടിയം പോലീസ് സ്റ്റേഷൻ പരിധിയിലെ കണ്ടച്ചിറ എന്ന സ്ഥലത്ത് ചെറുപുഷ്പം മംഗലം വീട്ടിൽ സ്റ്റെല്ല ഡാർസൻ എന്ന വിലാസക്കാരിയുടെ വീട്ടിൽ ജോലിക്ക് നിന്നിരുന്ന ഉമയനല്ലൂർ പന്നിമൺ സ്വദേശിനി ജമീല മകൾ സലിയത്ത് (47) ആണ് അറസ്റ്റിലായത്. ആവലാതിക്കാരിയുടെ വീട്ടിൽ ആഴ്ചയിലൊരിക്കൽ ജോലിക്ക് വന്നുകൊണ്ടിരുന്ന പ്രതി രണ്ടു തവണയായാണ് അലമാരയിൽ സൂക്ഷിച്ചിരുന്ന 3 ½ പവൻ തൂക്കം വരുന്നസ്വർണ്ണ മാലയും 1 ½ പവൻ തൂക്കം വരുന്നസ്വർണ്ണ വളയും മോഷ്ടിച്ചെടുത്തത്. മോഷണത്തിന് ശേഷം പ്രതി ആ വീട്ടിൽ ജോലിക്ക് പോയിരുന്നില്ല. സംശയം തോന്നിയ ആവലാതിക്കാരി അലമാര പരിശോധിച്ചപ്പോഴാണ് ആഭരണം മോഷണം പോയ വിവരം അറിയുന്നത്. ആവലാതിക്കാരിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ ചോദ്യം ചെയ്യലിലാണ് പ്രതി കുറ്റ സമ്മതം നടത്തിയത്. മോഷ്ടിച്ചെടുത്ത ആഭരണങ്ങൾ പ്രതി കൊട്ടിയത്തുള്ള ഒരു ജൂവലറി കടയിൽ വിറ്റതിനു ശേഷം സ്വർണ്ണാഭരണങ്ങളും ഫർണീച്ചർ സാധനങ്ങളും വാങ്ങി ഉപയോഗിക്കുക യായിരുന്നു. ജില്ലാ പോലീസ് മേധാവി യുടെ നിർദേശാനുസരണം ചാത്തന്നൂർ എ സി പി ശ്രീ ഷൈനു തോമസിൻറെ മേൽനോട്ടത്തിൽ കൊട്ടിയം സ്റ്റേഷൻ ചാർജ് വഹിക്കുന്ന കണ്ണനല്ലൂർ പോലീസ് സ്റ്റേഷൻ എസ് എച്ച് ഒ, യു പി വിപിൻ കുമാറിൻറെ നേതൃത്വത്തിൽ കൊട്ടിയം എസ് ഐമാരായ സുജീത്ജി നായർ, സംഗീത, പ്രവീൺ, എന്നിവർ അടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പ്രചിയെ കൊല്ലം ജെ എഫ് എം സി 2 കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.